പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1181.

13.06.2013 ൽ മറുപടിക്ക്

# റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ബി.പി.എൽ. കാർഡുകൾക്കുള്ള അരിയും മണ്ണെണ്ണയും കടയുടമകൾ മറിച്ചുവിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വിരളമായ ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; |
| (ബി) എങ്കിൽ ഇത്തരം കടയുടമകൾക്കെതിരെ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) ക്രമക്കേടുകൾ നടത്തുന്ന കടയുടമകൾക്കെതിരെ അവശ്യസാധന നിയമം, കേരള റേഷനിംഗ് ഓർഡർ എന്നിവ പ്രകാരം നടപടി സ്വീകരിക്കുകയും കടയുടമകളിൽ നിന്നും ദുരുപയോഗം ചെയ്ത സാധനങ്ങളുടെ വിലയും പിഴയും ഈടാക്കുകയും ചെയ്യുന്നു; |
| (സി) റേഷൻ വിതരണത്തിലെ കാര്യക്ഷമത ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് ? | (സി) റേഷൻ വിതരണത്തിലെ കാര്യക്ഷമത ഉറപ്പാക്കാൻ പ്രതിമാസ റേഷൻ ലഭ്യത പത്രക്കുറിപ്പായി പ്രസിദ്ധപ്പെടുത്താറുണ്ട് കരിഞ്ചന്ത, പൂഴ്ത്തിവയ്പ് മുതലായവ തടയുന്നതിനായി പൊതു വിതരണ ശൃംഖലകളിലും പൊതു കമ്പോളത്തിലും ശക്തമായ പരിശോധനകളും റെയ്ഡുകളും നടത്തുകയും ക്രമക്കേടുകൾക്കെതിരെ അവശ്യ സാധന നിയമ പ്രകാരം നടപടി സ്വീകരിക്കുകയും |

ചെയ്യുന്നു. റേഷൻസാധനങ്ങൾ കയറ്റി ക്കൊണ്ടുപോകുന്ന വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്. സർക്കാർ സബ്സിഡി നല്കി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിമാരുടെ നേതൃത്വത്തിൽ രണ്ട് സംസ്ഥാനതല പരിശോധനാ സ്ക്വാഡുകളും, സംസ്ഥാന തലത്തിൽ രണ്ട് ഫ്ളൈയിംഗ് സ്ക്വാഡുകളും, ജില്ലാ തലത്തിൽ ഓരോ ജില്ലയിലും ഓരോ ഫ്ളൈയിംഗ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ, താലൂക്ക്, മുനിസിപ്പാലിറ്റി, പഞ്ചായത്ത് തലങ്ങളിൽ ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. കൂടാതെ സമ്പൂർണ്ണ കംപ്യൂട്ടർവത്ക്കരണത്തിലൂടെ റേഷൻ വിതരണം സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ